സംസ്ഥാനത്തെ കുടിവെള്ള വിതരണം

16 (*226) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൺസൂൺ ആരംഭിക്കും വരെയും സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ആവശ്യമായത്ര വെള്ളം സംഭരണികളിലുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ശരാശരി ഉപഭോഗവും സംഭരണികളിലെ ജലശേഖരവും സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾമൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻ കരുതൽ നടപടികൾ സ്വീകരിക്കാറുണ്ടെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലെയും ശരാശരി പ്രതിദിന ഉപഭോഗം 330 ദശലക്ഷം ലിറ്ററാണ്. തിരുവനന്തപുരം നഗരത്തിലേക്ക് 117 ദിവസത്തേക്ക് ആവശ്യമായ ജലം ഇപ്പോൾ പേപ്പാറ ജലസംഭരണിയിൽ ലഭ്യമാണ്.

കൊല്ലം സർക്കിളിന് കീഴിലുള്ള വിവിധ പദ്ധതികളിൽ നിന്നുള്ള ശരാശരി പ്രതിദിന ഉപഭോഗം 221.30 ദശലക്ഷം ലിറ്ററാണ്. കൊല്ലം കോർപ്പറേഷനിലേക്കും ചവറ, പന്മന, ശൂരനാട് തെക്ക്, പടിഞ്ഞാറെ കല്ലട, നീണ്ടകര, തേവലക്കര, തെക്കുംഭാഗം എന്നീ പഞ്ചായത്തുകളിലേക്കുള്ള പ്രധാന സ്രോതസ്സായ ശാസ്താംകോട്ട തടാകത്തിൽ ഏകദേശം 70 ലക്ഷം ക്യൂബിക് മീറ്റർ ജലശേഖരം ഉണ്ട്. കഴൽക്കിണറുകളും നദികളും മറ്റും സ്രോതസ്സായിട്ടുള്ള പദ്ധതികളിലെ ജലശേഖരം കൃത്യമായി കണക്കാക്കിയിട്ടില്ല. കോട്ടയം സർക്കിളിന് കീഴിൽ റിസർവ്വോയർ ഉറവിടമായിട്ടുള്ള പദ്ധതികൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂരിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ജലസ്രോതസ്സായ പീച്ചി ജലസംഭരണിയിൽ നിന്നും പ്രതിദിനം 50.5 എം.എൽ.ഡി. ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുവരുന്നു. ഇപ്പോൾ പീച്ചി ജലസംഭരണിയിൽ 40.64 മില്യൺ മീറ്റർ ക്യൂബ് സ്റ്റോറേജ് ഉണ്ട്.

കണ്ണൂർ സർക്കിളിന് കീഴിൽ കൃഷി ആവശ്യങ്ങൾക്ക് കൂടി വിഭാവന ചെയ്ത ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പഴശ്ശി ജലസംഭരണിയിൽ നിന്നുമാണ് കുടിവെള്ള പദ്ധതികൾക്ക് ദിനംപ്രതി 100 എം.എൽ.ഡി. ജലം ആവശ്യമായി വരുന്നത്. ഇത്ര അളവ് സംഭരണിയിൽ ഉണ്ടാകുന്നതായിരിക്കും. മലപ്പുറം ജില്ലയിൽ എല്ലാ വർഷത്തെയും പോലെ താൽക്കാലിക തടയണകൾ സ്ഥാപിച്ചുകൊണ്ട് മൺസൂൺ വരെ വിതരണം ചെയ്യുന്നതിന് പര്യാപ്തമായ ജലം സംഭരിച്ച് നിർത്തിയിട്ടുണ്ട്. കോഴിക്കോട് പെരുവണ്ണാമൂഴി ജലസംഭരണിയിലെ ജലശേഖരം 70 മില്യൺ ക്യൂബിക് മീറ്ററാണ്. ഈ സ്രോതസ്സിൽ നിന്നുള്ള ഉപഭോഗം 45 മില്യൺ ലിറ്ററാണ്. ഇത് മൺസൂൺ വരെ സംരക്ഷിച്ച് ഉപയോഗ യോഗ്യമാക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ ജലം സംഭരണികളിൽ നിലനിർത്തുവാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജലസേചന വകുപ്പ് ആവശ്യമായ ജലം സംഭരണികളിൽ നിലനിർത്തിയിട്ടുണ്ട്. മറ്റ് ജലസ്രോതസ്സുകളെ കൂടാതെ 4 ജലസംഭരണികളെ (ഡാം) കുടിവെള്ള പദ്ധതിക്കായി ആശ്രയിക്കുന്നുണ്ട്.

1. മലമ്പുഴ ഡാമിൽനിന്ന് 4 മാസത്തേക്ക് -5 മില്യൺ മീറ്റർ ക്യൂബും;

2. മീങ്കര ഡാമിൽ നിന്ന് - 0.324 മില്യൺ മീറ്റർ ക്യൂബും.

3. പോത്തുണ്ടി ഡാമിൽ നിന്ന് - 0.324 മില്യൺ മീറ്റർ ക്യൂബും.

4. കാഞ്ഞിരപ്പുഴ ഡാമിൽ നിന്ന് -0.84 മില്യൺ മീറ്റർ ക്യൂബും കുടിവെള്ള വിതരണത്തിനായി ആവശ്യമായി വരും. സംഭരണികളിലെ ജലശേഖരം തൃപ്തികരമാകുമെന്നാണ് നിലവിലുള്ള വിലയിരുത്തൽ.

(സി) കാലവർഷത്തിലുണ്ടാകുന്ന ഏറ്റക്കുറിച്ചിലുകൾ മൂലം കുടിവെള്ള ലഭ്യതയിലുണ്ടാകുന്ന വ്യതിയാനം വിതരണത്തെ ബാധിക്കാതിരിക്കാൻ ജലനിധി പദ്ധതിയിൽ രണ്ടാം ഘട്ടത്തിലെ പഞ്ചായത്ത് തല ഭൂജല സംവർദ്ധന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിന്റെ ഭാഗമായി മേൽക്കുര വഴിയുള്ള മഴവെള്ള സംഭരണം (കിണറുകളിലേക്ക്), തടയണകൾ, ഭൂഗർഭ തടയണകൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും കേരള വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകൾ വിപുലീകരിച്ചും, താത്കാലിക തടയണകളോ സ്ഥിരം തടയണകളോ നിർമ്മിച്ചും പൈപ്പ് പൈനുകളിലെ വാൽവുകൾ ക്രമീകരിച്ചും മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. കൂടാതെ പൈപ്പ് പൈനുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ലീക്കേജുകൾ പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കാൻ ശ്രമിക്കാറുണ്ട്.

കീടനാശിനി പ്രയോഗം

17 (*227) ശ്രീ. വി. ശശി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം ഉൾപ്പടെയുള്ള മേഖലകളിലെ വ്യാപകമായ കീടനാശിനി പ്രയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടനാശിനി പ്രയോഗം കൂടുതലുള്ള മേഖലകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ രോഗങ്ങൾ വ്യാപകമാകുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇത്തരം പ്രദേശങ്ങളിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനുള്ള ബോധവത്ക്കരണവും മറ്റു നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly